പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 67

# 2011-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 67

# 2011-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

15/2012.

# 2011-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക്
ന്യായമായ വേതനം നൽകൽ ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്ക് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റു വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റിന്റെ (1971-ലെ 23) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം ഖണ്ഡം (എസി) ആയി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എസി) ഖണ്ഡത്തിനു മുൻപായി താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്.—

"(എ) "അധികാരസ്ഥാനം" എന്നാൽ 3എ വകുപ്പിൻകീഴിൽ നിയമിച്ചിട്ടുള്ള അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(എഎ) "തൊഴിലാളികളുടെ നഷ്ടപരിഹാരത്തിനുള്ള കമ്മീഷണർ" എന്നാൽ, 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാര ആക്റ്റ് (1923-ലെ 8-ാം കേന്ദ്ര ആക്റ്റ്) 20-ാം വകുപ്പിൻകീഴിൽ നിയമിച്ചിട്ടുള്ള തൊഴിലാളികളുടെ നഷ്ടപരിഹാരത്തിനുള്ള കമ്മീഷണർ എന്നർത്ഥമാകുന്നു;

(എബി) "ഡെപ്യൂട്ടി ലേബർ കമ്മീഷണർ" എന്നാൽ ബന്ധപ്പെട്ട പ്രദേശത്ത് അധികാരിതയുള്ള സംസ്ഥാന ഡെപ്യൂട്ടി ലേബർ കമ്മീഷണർ എന്നർത്ഥമാകുന്നു;

(ii) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (എസി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഡി) "ലേബർ കമ്മീഷണർ" എന്നാൽ കേരള സംസ്ഥാന ലേബർ കമ്മീഷണർ എന്നർത്ഥമാകുന്നു".

3. 3എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. ന്യായമായ വേതനം നൽകാത്തത് സംബന്ധിച്ച് ഉണ്ടാകുന്ന അവകാശവാദങ്ങളും, ദുരുദ്ദേശപരവും ശല്യപ്പെടുത്താൻവേണ്ടിയുള്ളതുമായ അവകാശവാദങ്ങൾക്കുള്ള ശിക്ഷയും.—(1) ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്ത് നിയോഗിക്കപ്പെട്ടിരിക്കുന്നവരോ അവിടെ വച്ചു വേതനം നൽകപ്പെടുന്നവരോ ആയ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ന്യായമായതിനേക്കാൾ കുറഞ്ഞ വേതനം നൽകിയതിൽ നിന്നുൽഭവിക്കുന്ന എല്ലാ അവകാശവാദങ്ങളും, അങ്ങനെയുള്ള അവകാശവാദങ്ങൾക്ക് ആനുഷംഗികമായ എല്ലാ കാര്യങ്ങളുമുൾപ്പെടെ, കേൾക്കുന്നതിനും തീർപ്പാക്കുന്നതിനുമുള്ള അധികാരസ്ഥാനമായി തൊഴിലാളികളുടെ നഷ്ടപരിഹാരത്തിനുള്ള ഏതെങ്കിലും കമ്മീഷണറെയോ സംസ്ഥാന സർക്കാരിന്റെ ഡെപ്യൂട്ടി ലേബർകമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഒരു സിവിൽ കോടതിയിലെ ജഡ്ജിയായി പരിചയമുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനേയൊ സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള ഏതെങ്കിലും അവകാശവാദം ഒരു മോട്ടോർ വാഹന തൊഴിലാളിക്കുള്ളപക്ഷം, അയാൾക്ക് തന്നെയോ, ഏതെങ്കിലും ലീഗൽ പ്രാക്ടീഷണർക്കോ അങ്ങനെയുള്ള തൊഴിലാളിക്കുവേണ്ടി പ്രവർത്തിക്കാൻ രേഖാമൂലം അധികാരപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഒരു തൊഴിലാളി സംഘടനയുടെ ഏതെങ്കിലും ഔദ്യോഗിക ഭാരവാഹിക്കോ, (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അധികാരസ്ഥാനത്തിന്റെ അനുവാദത്തോടുകൂടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ (3)-ാം ഉപവകുപ്പുപ്രകാരം ഉള്ള ഒരു നിർദ്ദേശത്തിനായി അങ്ങനെയുള്ള അധികാരസ്ഥാനത്തോട് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഓരോ അപേക്ഷയും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ, ന്യായമായ വേതനം നൽകേണ്ടതായി വരുന്ന തീയതി മുതൽ ആറുമാസത്തിനകം സമർപ്പിക്കേണ്ടതാണ്:

എന്നുമാത്രമല്ല, അങ്ങനെയുള്ള കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിന് തനിക്ക് മതിയായ കാരണമുണ്ടായിരുന്നതായി അപേക്ഷകൻ അധികാരസ്ഥാനത്തെ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം, പ്രസ്തുത ആറുമാസക്കാലയളവിനു ശേഷവും അങ്ങനെയുള്ള ഏതൊരു അപേക്ഷയും സ്വീകരിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഏതെങ്കിലും അപേക്ഷ സ്വീകരിക്കുന്ന പക്ഷം, അധികാരസ്ഥാനം, അപേക്ഷകനും 3-ാം വകുപ്പുപ്രകാരം ന്യായമായ വേതനം നൽകാൻ ബാദ്ധ്യസ്ഥനായ തൊഴിലുടമയ്ക്കും പറയുവാനുള്ളത് കേൾക്കേണ്ടതും അല്ലെങ്കിൽ അവർക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതും, ആവശ്യമെന്ന് അതിനു തോന്നുന്ന പ്രകാരമുള്ള കൂടുതൽ അന്വേഷണം ഏതെങ്കിലും ഉണ്ടെങ്കിൽ അതിനുശേഷം, അധികാരസ്ഥാനത്തിന്, ഈ ആക്റ്റ് പ്രകാരം തൊഴിലുടമ വിധേയനായേക്കാവുന്ന മറ്റേതെങ്കിലും ശിക്ഷയ്ക്ക് ഭംഗം വരാതെ, മോട്ടോർ വാഹന തൊഴിലാളിക്ക് യഥാർത്ഥത്തിൽ നൽകപ്പെട്ട വേതനം അയാൾക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടതായ ന്യായമായ വേതനത്തിൽ നിന്ന് എത്ര കുറവാണോ അത്രയും തുക, അങ്ങനെ കുറവു വന്ന തുകയുടെ പത്തിരട്ടിയിൽ കവിയാത്തതും അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നതുമായ അപ്രകാരമുള്ള നഷ്ടപരിഹാരത്തോടൊപ്പം നൽകുവാൻ നിർദ്ദേശിക്കാവുന്നതുമാണ്.

(4) ഈ വകുപ്പു പ്രകാരം ഒരു അപേക്ഷ കേൾക്കുന്ന അധികാരസ്ഥാനത്തിന്, അത് ദുരുദ്ദേശത്തോടെയുള്ളതോ ശല്യപ്പെടുത്തുന്നതിനുവേണ്ടിയുള്ളതോ ആണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അങ്ങനെയുള്ള അപേക്ഷ സമർപ്പിച്ച ആളോട് നൂറ് രൂപയിൽ കവിയാത്ത പിഴ തൊഴിലുടമയ്ക്ക് നൽകുവാൻ നിർദ്ദേശിക്കാവുന്നതാണ്.

(5) (3)-ാം ഉപവകുപ്പുപ്രകാരമോ (4)-ാം ഉപവകുപ്പുപ്രകാരമോ നൽകുവാൻ നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും തുക അത് നൽകാൻ ബാദ്ധ്യസ്ഥനായ ആൾ, അധികാരസ്ഥാനം ഇതിനായി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ നൽകാത്തപക്ഷം അധികാരസ്ഥാനം, ആ തുക കിട്ടാൻ അവകാശമുള്ള ആൾ നേരിട്ടോ അല്ലെങ്കിൽ അയാൾ അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾ മുഖേനയോ രേഖാമൂലം നൽകുന്ന അപേക്ഷയിന്മേൽ, ആ തുകയ്ക്കുള്ള ഒരു സർട്ടിഫിക്കറ്റ് കളക്ടർക്ക് അയച്ചുകൊടുക്കേണ്ടതും കളക്ടർ അത് ഭൂമിയിന്മേലുള്ള റവന്യൂ കുടിശ്ശികയെന്നതുപോലെ വസൂലാക്കേണ്ടതും അതിന് അവകാശപ്പെട്ട ആൾക്ക് നൽകേണ്ടതുമാണ്.

(6) അതതു സംഗതിപോലെ, (3)-ാം ഉപവകുപ്പുപ്രകാരമോ (4)-ാം ഉപവകുപ്പുപ്രകാരമോ ഉള്ള ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, ഉത്തരവ് ലഭിച്ച തീയതി മുതൽ അറുപതു ദിവസത്തിനകം ലേബർ കമ്മീഷണർക്ക് (ഇതിനുശേഷം അപ്പീലധികാരസ്ഥാനം എന്നാണ് പരാമർശിക്കപ്പെടുക) ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്പീൽ വാദി, അതതു സംഗതിപോലെ, (3)-ാം ഉപവകുപ്പ് പ്രകാരമോ (4)-ാം ഉപവകുപ്പ് പ്രകാരമോ നൽകാൻ ആവശ്യപ്പെട്ട തുകയ്ക്ക് തുല്യമായ തുക ആ അധികാരസ്ഥാനത്തിന്റെ പക്കൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ആ അധികാരസ്ഥാനം നൽകിയ ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ അല്ലെങ്കിൽ അപ്രകാരമുള്ള തുക അപ്പീലധികാരസ്ഥാനത്തിന്റെ പക്കൽ നിക്ഷേപിക്കുകയോ ചെയ്യാത്തപക്ഷം യാതൊരു അപ്പീലും സ്വീകരിക്കാൻ പാടില്ലാത്തതാണ്.

(7) അപ്പീലധികാരസ്ഥാനത്തിന് അപ്പീലിലെ കക്ഷികൾക്ക് പറയുവാനുള്ളത് പറയാൻ ന്യായമായ ഒരു അവസരം നൽകിയതിനുശേഷം, അധികാരസ്ഥാനത്തിന്റെ തീർപ്പ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ പരിഷ്ക്കരിക്കുകയോ ചെയ്യാവുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1971-ലെ കേരള മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റിൽ പ്രസ്തുത ആക്റ്റ് പ്രകാരം ന്യായമായ വേതനം നൽകാത്തതിനെതിരെ അവകാശവാദം സമർപ്പിക്കുവാൻ മോട്ടോർ വാഹന തൊഴിലാളിയെ പ്രാപ്തനാക്കുന്ന യാതൊരു വ്യവസ്ഥയും അടങ്ങിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ആക്റ്റ് പ്രകാരം ഒരു മോട്ടോർ വാഹന തൊഴിലാളിക്ക് കിട്ടേണ്ടതായ ഏതെങ്കിലും തുക വസൂലാക്കുന്നതിനുള്ള അവകാശവാദം സമർപ്പിക്കുവാൻ അയാളെ പ്രാപ്തനാക്കുന്നതിന് ആക്റ്റിൽ ഉചിതമായ വ്യവസ്ഥ ചേർക്കേണ്ടതും, ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്ത് നിയമിച്ചിട്ടുള്ളതും വേതനം നൽകുന്നതുമായ മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായമായ വേതനത്തേക്കാൾ കുറഞ്ഞ വേതനം നൽകുന്നതിൽനിന്നും ഉത്ഭവിക്കുന്ന എല്ലാ അവകാശവാദങ്ങളും കേൾക്കുന്നതിനും തീർപ്പാക്കുന്നതിനും വേണ്ടി ആ പ്രദേശത്തേക്ക് അധികാരസ്ഥാനങ്ങളെ നിയമിക്കേണ്ടതും, അങ്ങനെയുള്ള അധികാരസ്ഥാനങ്ങളുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീലുകൾ സ്വീകരിക്കുന്നതിന് ലേബർ കമ്മീഷണറെ പ്രാപ്തനാക്കുന്നതിനുള്ള വ്യവസ്ഥ ചേർക്കേണ്ടതും ആവശ്യമാണെന്ന് കരുതുന്നു.

2. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. തൊഴിലാളികളുടെ നഷ്ടപരിഹാരത്തിനായുള്ള ഏതെങ്കിലും കമ്മീഷണറെയോ സംസ്ഥാന സർക്കാരിന്റെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെയോ അല്ലെങ്കിൽ ഏതെങ്കിലും സിവിൽ കോടതിയിലെ ജഡ്ജിയായി പ്രവൃത്തിപരിചയമുള്ള മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഏതെങ്കിലും നിർദ്ദിഷ്ട പ്രദേശത്ത് നിയമിക്കപ്പെട്ടതോ ആ പ്രദേശത്ത് ശമ്പളം നൽകപ്പെടുന്നതോ ആയ മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായമായ വേതനത്തെക്കാൾ കുറഞ്ഞ വേതനം നൽകുന്നതിൽ നിന്നും ഉത്ഭവിക്കുന്ന എല്ലാ അവകാശ വാദങ്ങളും കേൾക്കുന്നതിനും തീർപ്പാക്കുന്നതിനും ഉള്ള അധികാരസ്ഥാനത്തെയോ ഗസറ്റ് വിജ്ഞാപനം വഴി നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 3എ വകുപ്പ് (1)-ാം ഉപവകുപ്പ് കൊണ്ടുദ്ദേശിക്കുന്നു.

2. അധികാരസ്ഥാനം മുമ്പാകെ ഹാജരാക്കേണ്ട അപേക്ഷയുടെ ഫാറം നിർണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 3 എ വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധന കൊണ്ടുദ്ദേശിക്കുന്നു.

3. ഏത് കാര്യങ്ങൾ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത് അവ സാധാരണവും ഭരണപരവുമായ സ്വഭാവത്തോടു കൂടിയവയാണ്. അതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഷിബു ബേബി ജോൺ

(ശരിത്തർജ്ജമ)

## 1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്റ്റിൽനിന്നുള്ള പ്രസക്തഭാഗം

(1971-ലെ 23-ാം ആക്റ്റ്)

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "തൊഴിലുടമ" എന്നാൽ ഏതെങ്കിലും മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തെ സംബന്ധിച്ച് ആ മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിന്റെ കാര്യങ്ങളിൻമേൽ ആത്യന്തിക നിയന്ത്രണമുള്ള ആൾ അല്ലെങ്കിൽ അധികാരസ്ഥാനം എന്നും മാനേജരെന്നോ, മാനേജിംഗ് ഡയറക്ടറെന്നോ മാനേജിംഗ് ഏജന്റെന്നോ അഥവാ മറ്റേതെങ്കിലും പേരിൽ വിളിക്കുന്നതോ ആയ മറ്റേതെങ്കിലും ആളെ പ്രസ്തുത കാര്യങ്ങൾ ഭരമേൽപിച്ചിട്ടുള്ളിടത്ത്, അപ്രകാരമുള്ള മറ്റേതെങ്കിലും ആളോ എന്നും അർത്ഥമാകുന്നു;

(ബി) "മോട്ടോർ ട്രാൻസ്പോർട്ട് സംരംഭം" എന്നാൽ വാടകയ്ക്കോ പ്രതിഫലത്തിനോ ആയി യാത്രക്കാരെയോ സാധനങ്ങളെയോ അഥവാ രണ്ടും കൂടിയോ റോഡ് മാർഗ്ഗം വഹിച്ചുകൊണ്ടുപോകുന്നതിൽ ഏർപ്പെടുത്തിയിരിക്കുന്ന സ്വകാര്യ വാഹനം ഉൾപ്പെടെയുള്ള ഒരു മോട്ടോർ ട്രാൻസ്പോർട്ട് സംരംഭം എന്ന് അർത്ഥമാകുന്നു.

(സി) "മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി" എന്നാൽ ഒരു മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിൽ നേരിട്ടോ ഒരു ഏജൻസി മുഖാന്തിരമോ വേതനത്തിനു വേണ്ടിയോ അല്ലാതെയോ ഒരു ട്രാൻസ്പോർട്ട് വാഹനത്തിൽ തൊഴിൽപരമായ കഴിവിന്റെ അടിസ്ഥാനത്തിൽ പണിയെടുക്കുന്നതിനോ അല്ലെങ്കിൽ അപ്രകാരമുള്ള വാഹനത്തിന്റെ എത്തിച്ചേരലോ പുറപ്പെടലോ ഭാരം കയറ്റലോ ഭാരമിറക്കലോ സംബന്ധിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിനോ നിയമിച്ചിട്ടുള്ള ഒരാളെന്ന് അർത്ഥമാകുന്നതും അതിൽ ഒരു ഡ്രൈവർ, കണ്ടക്ടർ, ക്ലീനർ, സ്റ്റേഷൻ സ്റ്റാഫ്, ലൈൻ ചെക്കിംഗ് സ്റ്റാഫ്, ബുക്കിംഗ് ക്ലാർക്ക്, കാഷ് ക്ലാർക്ക്, ടൈം കീപ്പർ, വാച്ചുമാൻ അല്ലെങ്കിൽ അറ്റൻഡന്റ് എന്നിവർ ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ന്യായമായ വേതനം" എന്നാൽ ഈ ആക്റ്റിന്റെ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് നൽകേണ്ടതായ വേതന നിരക്കോ അല്ലെങ്കിൽ തീരുമാനിച്ചിട്ടുള്ള വേതനനിരക്കോ ഏതാണോ കൂടുതൽ ആ വേതനനിരക്ക് എന്നർത്ഥമാകുന്നു.

3. മോട്ടോർ വാഹന തൊഴിലാളിക്ക് നൽകേണ്ടതായ ന്യായമായ വേതനം.—മറ്റേതെങ്കിലും നിയമത്തിലോ ചട്ടത്തിലോ നിയമ പ്രാബല്യമുള്ള ഉത്തരവിലോ വിജ്ഞാപനത്തിലോ അല്ലെങ്കിൽ കരാറിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ തൊഴിലുടമയും അയാളുടെ കീഴിൽ തൊഴിലെടുക്കുന്ന ഏതൊരു മോട്ടോർ ട്രാൻസ്പോട്ട് തൊഴിലാളിക്കും അയാളുടെ തൊഴിൽ സംബന്ധിച്ചോ അല്ലെങ്കിൽ അപ്രകാരമുള്ള തൊഴിലിലിരിക്കുമ്പോൾ ചെയ്ത ജോലിക്കോ ന്യായമായ വേതനം നൽകേണ്ടതാണ്;

എന്നാൽ, ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുമുമ്പുള്ള ഏതെങ്കിലും കാലത്തേക്ക് തൊഴിലുടമ നൽകേണ്ടതായ ന്യായമായ വേതനത്തിന്റെ കുടിശ്ശിക അങ്ങനെ പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുശേഷം ആറുമാസം കഴിയുന്നതിനു മുമ്പ് ആറിൽകവിയാത്ത മാസത്തവണകളായി നൽകേണ്ടതാണ്.